# സന്താന പരിപാലനം

## ഇസ്ലാം കാര്യങ്ങൾ

ഗ്രന്ഥകർത്താവ്: മുഹമ്മദ്ബ്നു ജമീൽ സൈനു
ഗ്രന്ഥം: كيف نربي أولادنا وما هو واجب الآباء والأبناء
വിവർത്തനം: സയ്യിദ് സഅ്ഫർ സ്വാദിഖ്

തിരുമേനി(ﷺ) അരുളിയിരിക്കുന്നു: "ഇസ്ലാം അഞ്ച് തൂണുകളിലാണ് പടുത്തുയർത്തപ്പെട്ടിട്ടുള്ളത്:

1- شهادة أَنْ لاَ إِلَه إِلا الله وأَن محمدا رسولُ الله

"അല്ലാഹുവല്ലാതെ ആരാധ്യനില്ലെന്നും, മുഹമ്മദ് അവൻെറ പ്രവാചകനാണെന്നുമാള്ള സത്യം സാക്ഷ്യപ്പെടുത്തുക"

(ആരാധനക്കർഹനായി യഥാർത്ഥത്തിൽ അല്ലാഹുവല്ലാതെ ആരുമില്ലെന്ന് സാക്ഷ്യപ്പെടുത്തുക. അല്ലാഹുവിൻെറ മതത്തിൽ മുഹമ്മദ്(ﷺ)യെ അനുസരിക്കൽ നിർബ്ബന്ധവുമാകുന്നു)

2- وإقامِ الصلاَة

"നമസ്കാരം നിലനിർത്തുക"

(ഭയ ഭക്തിയോടെ, റുക്നുകളും, മറ്റു നിർബ്ബന്ധ ഘടകങ്ങളും എല്ലാം കൃത്യമായി പാലിച്ച് നമസ്കാരം നിലനിർത്തുക)

3- وإِيتاءِ الزكَاة

"സകാത്ത് നൽകുക"

(ഒരു മുസ്ലിം 85 ഗ്രാം സ്വർണമോ, അതിന് സമാനമായ കറൻസിയോ ഉടമപ്പെടുത്തുന്നുവെങ്കിൽ അതിന് ഒരു വർഷത്തിന് ശേഷം രണ്ടര ശതമാനം സകാത്തായി നൽകേണ്ടതാണ്. അതുപോലെ മറ്റുള്ള സമ്പത്തുകൾക്ക് കൃത്യമായ കണക്കും തോതുമുണ്ട്)

4- والْحج البيت

"കഅ്ബയിൽ പോയി ഹജ്ജ്കർമ്മം നിർവ്വഹിക്കുക"

(ആരോഗ്യവും, സമ്പത്തും, നിർഭയത്വവുമുള്ള പ്രായപൂർത്തിയായ ഒരു മുസ്‌ലിം തൻെറ ആയുസിനിടക്ക് ഒരു പ്രാവശ്യം ഹജ്ജ് ചെയ്യൽ നിർബ്ബന്ധമാകുന്നു)

-5 وصوم رمضانَ

"റമളാൻ മാസത്തിൽ നോമ്പനുഷ്ടിക്കുക" (ബുഖാരിയും മുസ്‌ലിമും ഉദ്ദരിച്ച ഹദീസ്).

(ആരാധനയുടെ നിയ്യത്തോടെ പ്രഭാതം മുതൽ പ്രദോഷം വരെ സംയോഗം, ഭക്ഷണ പാനീയങ്ങൾ കഴിക്കുക പോലെയുള്ള നോമ്പ് മുറിയുന്ന മുഴുവൻ കാര്യങ്ങളിൽ നിന്നും വിട്ട് നിൽക്കുക)

## ഹദീസിൽ നിന്നുള്ള പാഠങ്ങൾ

1- അല്ലാഹുവിനെയല്ലാതെ നാം മറ്റാരെയും ആരാധിക്കുവാൻ പാടില്ല, അവനോടല്ലാതെ മറ്റാരോടും നാം പ്രാർത്ഥിക്കുവാനും പാടില്ല. അവൻ നിയമമാക്കിയ രൂപത്തിലല്ലാതെ അവനെ ആരാധിക്കുവാൻ പാടില്ല, വിശുദ്ധഖുർആനും തിരുസുന്നത്തും അനുസരിച്ചുള്ള നിയമങ്ങൾ നടപ്പിലാക്കുക തുടങ്ങിയ കാര്യങ്ങളെല്ലാം 'അല്ലാഹുവല്ലാതെ യഥാർത്ഥത്തിൽ ആരാധന ക്കർഹനായി ആരുമില്ലെ'ന്ന സാക്ഷ്യ വചനത്തിൻെറ അർത്ഥത്തിൽ ഉൾകൊള്ളുന്നുണ്ട്.

2- നബി(ﷺ) കൽപിച്ച കാര്യങ്ങളിൽ അദ്ദേഹത്തെ അനുസരിക്കുക, അദ്ദേഹം അറിയിച്ച് തന്ന കാര്യങ്ങളിൽ അദ്ദേഹത്തെ സത്യപ്പെടുത്തുക, വിരോധിച്ച കാര്യങ്ങളിൽ നിന്ന് വിട്ട്നിൽക്കുക. തിരുമേനിയെ അനുസരിക്കുന്നത് അല്ലാഹുവിനെ അനുസരിക്കലാകുന്നു. തുടങ്ങിയ കാര്യ ങ്ങൾ 'തീർച്ചയായും മുഹമ്മദ് അല്ലാഹുവിൻെറ റസൂലാണെന്ന' സാക്ഷ്യവചനം ഉൾകൊള്ളുന്നുണ്ട്.